"ഭരണഭാഷ - മാതൃഭാഷ"

നം. ICDS/A5/3634/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 23.11.2020
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

വനിത ശിശു വികസന ഡയറക്ടർ

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

മാഡം,

വിഷയം: വനിത ശിശു വികസന വകുപ്പ് - ഡയറക്ടറേറ്റ് - സംസ്ഥാനത്തെ സ്കൂളിൽ പോകാത്ത കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന: **സ്കീം ഫോർ അഡോളസന്റ് ഗേൾസ് 2020-21**

കേന്ദ്ര ഗവൺമെന്റിന്റെ **സ്കീം ഫോർ അഡോളസന്റ് ഗേൾസ്** പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്ത് 11നും 14നും ഇടയിൽ പ്രായമുള്ള 107 പെൺകുട്ടികളാണ് ഗുണഭോക്താക്കളായിട്ടുള്ളത്. ഈ കുട്ടികളിൽ കൂടുതൽ പേരും സ്കൂളിൽ പോകുന്നില്ലായെന്നും പോകാത്തതിനു കാരണം പഠനത്തോടുള്ള താൽപ്പര്യമില്ലായ്മയാണ് എന്ന് വിവിധ പ്രോഗ്രാം ഓഫീസർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. സ്കൂളിൽ പോകാത്ത കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിൽ ഐസിഡിഎസ് പ്രവർത്തകർക്ക് നിർണ്ണായകമായ പങ്കാണ് വഹിക്കാനുള്ളത്. ഓരോ കുട്ടിയുടേയും പ്രശ്നങ്ങൾ വ്യക്തിഗതമായ ഇടപെടലുകൾ നടത്തി പരിഹരിക്കുന്നതിനും രക്ഷിതാക്കളുമായി ഇടപെട്ട് ഓരോ കുട്ടിക്കും യോജിക്കുന്ന തരത്തിൽ വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന സാമൂഹ്യ ഉത്തരവാദിത്വം വകുപ്പ് ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇത്തരം കുട്ടികളുമായും കുടുംബാംഗങ്ങളുമായും നേരിട്ട് ഇടപെട്ട് പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഉചിതമായ നടപടികൾ സ്വീകരിക്കുകയും ആവശ്യമെങ്കിൽ മറ്റ് വകുപ്പുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നിവയുടെ സഹകരണത്തോടെ / സഹായത്തോടെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്.

SK/20

ശാരീരിക ബുദ്ധിമുട്ടുകളുള്ള കുട്ടികളെ അവർക്ക് അനുയോജ്യമായ പഠന സാഹചര്യം സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ ബഡ്സ് സ്കൂളുകളിൽ എത്തിക്കുന്നതിനും സഹായ ഉപകരണങ്ങളുടെ സഹായത്താൽ സ്കൂളുകളിൽ പോകാൻ കഴിയുന്ന കുട്ടികൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം നടപടികളിലൂടെ എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കുവാനും വിദ്യാഭ്യാസത്തിലൂടെ അവരുടെ സർവ്വോത്മുഖമായ വികസനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും കഴിയുന്നതാണ്.

ഇതോടൊപ്പം Vulnerability mapping data പരിശോധിച്ച് തങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പഠനം മുടങ്ങിയ മറ്റ് കുട്ടികൾ ഉണ്ടോ എന്ന് കണ്ടെത്തേണ്ടതും അവരെ കൂടി തിരികെ സ്കൂളിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വിശ്വസ്തതയോടെ**

**വനിത ശിശു വികസന ഡയറക്ടർക്കുവേണ്ടി**